നവകേരള ലോട്ടറിയുടെ വിൽപന ഉദ്ഘാടനം ജില്ലാ സെക്രട്ടറി രാഗേഷ്

Janayugom 06-10-18, P-11

# പ്രളയത്തെ അതിജീവിച്ച് നവര വിളഞ്ഞു

മുല്ലശ്ശേരി: പ്രളയം അതിജീവനമാക്കി വീട്ടുമുറ്റത്ത് നവര നെല്ല് വിളഞ്ഞു. മുല്ലശ്ശേരി വടക്കൻ പുതുക്കാട് കണ്ണംപുഴ ആൻഡ്രൂസിന്റെ മകൻ സോണിയുടെ വീട്ടുമുറ്റത്താണ് നവര വിളഞ്ഞത്.

നെല്ലിന്റെയും എള്ളിന്റെയും കൃഷിപാഠങ്ങൾ മക്കൾക്കായി ഒരുക്കി ശ്രദ്ധേയമായ വീട്ടുമുറ്റത്ത് തന്നെയാണ് നവരയും കൃഷി ഇറക്കിയത്. ആയുർവേദത്തിൽ നവരക്കുള്ള പ്രാധാന്യവും മക്കളായ ദിൽഹയുടെയും ദിൻഹയുടെയും കൗതുകപരമായ ചോദ്യവുമാണ് കൃഷി ചെയ്യാൻ പ്രേരിപ്പിച്ചതെന്ന് സോണി പറയുന്നു. പ്രളയത്തിൽ നാട്ടിലെ മുഴുവൻ കൃഷിയും വെള്ളത്തിൽ മുങ്ങിയപ്പോൾ വീട്ടുമുറ്റത്തെ നവര അതിനെ അതിജീവിക്കുകയായിരുന്നു. ഗുരുവായൂർ കെ എസ് ആർ ടി സി ഡിപ്പോയിലെ ഡ്രൈവറായ സോണിക്കൊപ്പം തോളൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് നഴ്സായ ഭാര്യ സീമയും അമ്മ ലൂസിയും പിൻതുണയുമായുണ്ട്.



സോണിയുടെ വീട്ടുമുറ്റത്ത് വിളഞ്ഞ നവര നെൽ.